
ISSUE: 135
KCA weekly E-news bulletin ● Dated 13-07-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

## www.keralacaroontacademy.com




കേരള കാർട്ടൂൺ അക്കാദമിയുടെ പുതിയ വെബ്സൈറ്റിൽ എല്ലാ അംഗങ്ങളുടേയും വിവരങ്ങൾ ചേർത്തിട്ടുണ്ട്. അക്കാദമിയുടെ ചരിത്രം, അംഗങ്ങളെ കുറിച്ചും, മൺമറഞ്ഞ കാർട്ടൂണിസ്റ്റുകളെ ക്കുറിച്ചുമുള്ള വിവരങ്ങൾ, അക്കാദമി സംഘടിപ്പിക്കുന്ന പരിപാടികൾ, മുൻകാലങ്ങളിൽ നടത്തിയ പരിപാടികളുടെ വിവരണങ്ങളും ചിത്രങ്ങളും, പുതിയ അംഗത്വം എടുക്കുന്നതിനായി ഉള്ള അപേക്ഷ ലിങ്ക് തുടങ്ങി അക്കാദമിയുടെ എല്ലാവിധ പ്രവർത്തനങ്ങളും സംബന്ധിച്ച ഒരു സമഗ്രമായ പോർട്ടൽ ആണ് ഒരുക്കിയിട്ടുള്ളത്. എല്ലാ അംഗങ്ങളും ഈ വെബ്സൈറ്റ് സന്ദർശിച്ച് വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകണമെന്നും അപേക്ഷിക്കുന്നു. അംഗങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചേർക്കണമെന്ന് താത്പര്യമുള്ളവർ അത് തയ്യാറാക്കി അക്കാദമി വൈസ് ചെയർമാൻ അനൂപ് രാധാകൃഷ്ണന് അയച്ച് കൊടുക്കുക. ●

(അനൂപ് രാധാകൃഷ്ണന്റെ ഇമെയിൽ വിലാസം: anoopamatrya@gmail.com ഫോൺ: +919995351564)

പുതിയ വെബ്സൈറ്റിന്റെ ലിങ്ക് : www.keralacaroontacademy.com

## മിനി രജീന്ദ്രകുമാർ അന്തരിച്ചു



പരേതനായ കേരള കാർട്ടൂൺ അക്കാദമി അംഗം സി. രജീന്ദ്രകുമാറിന്റെ ഭാര്യയും കോഴിക്കോട് മാതൃഭൂമിയിൽ (റിസ്പ്ഷൻ) ജീവനക്കാരിയുമായ മിനി രജീന്ദ്രകുമാർ അന്തരിച്ചു. മക്കൾ: മാളവിക (കോഴിക്കോട് സൈബർ പാർക്ക്), ഋഷിക (എം.കോം വിദ്യാർത്ഥിനി, പോണ്ടിച്ചേരി സർവ്വകലാശാല). മരുമകൻ: കെ. രാഹുൽ (ബിസിന്, മലപ്പുറം). കേരള കാർട്ടൂൺ അക്കാദമിയുടെ ആദരാഞ്ജലികൾ. ●

## അഭിലാഷ് ജോർജ് പുതിയ അംഗം



തൃശ്ശൂർ ജില്ലയിലെ മാള സ്വദേശി അഭിലാഷ് ജോർജ് കേരള കാർട്ടൂൺ അക്കാദമി അംഗമായി തിരഞ്ഞെടുത്തു. കേരള കാർട്ടൂൺ അക്കാദമിയുടെ നിർവാഹക സമിതിയാണ് അഭിലാഷിനെ പുതിയ അംഗമായി തിരഞ്ഞെടുത്തത്. അഭിലാഷ് ജോർജ് ചാലക്കുടിയിൽ സ്വകാര്യ സ്കൂളിൽ ചിത്രകലാ അധ്യാപകനായി ജോലി ചെയ്യുകയാണ്. സമീപകാലത്ത് അദ്ദേഹത്തിന്റെ ചിരി ഫിലിം കോമിക്സ് എന്ന പുസ്തകം പ്രസിദ്ധീകൃതമായിട്ടുണ്ട്. ●

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

# മധൂസിന്റെ ഡമൊൺസ്ട്രേഷൻ ക്ലാസ്സ്



**കേരള** കാർട്ടൂൺ അക്കാദമി നിർവാഹക സമിതി അംഗം മധൂസ് തൃശൂർ വിവേകോദയം ഗേൾസ് ഹൈസ്ക്കൂളിൽ കുട്ടികൾക്കായി കാർട്ടൂൺ കാരിക്കേച്ചർ ഡമൊൺസ്ട്രേഷൻ ക്ലാസ്സ് നടത്തി. വായനാവാരത്തോടനുബന്ധിച്ച് സ്കൂളിലെ പുസ്തകമേള ഉത്ഘാടനം ചെയ്തതിനു ശേഷമായിരുന്നു ക്ലാസ്സ് സംഘടിപ്പിക്കപ്പെട്ടത്. ●

# ജിസ് പോളിന്റെ കാർട്ടൂൺ ക്ലാസ്സ്



**സഹൃദയ** വിദ്യാദർശൻ പദ്ധതിയുടെ ഭാഗമായി ചേർത്തലയിൽ സംഘടിപ്പിച്ച പഠനമികവ് പരിശീലന പരിപാടിയിൽ കേരള കാർട്ടൂൺ അക്കാദമി അംഗം ജിസ് പോൾ കാർട്ടൂൺ ക്ലാസെടുത്തു. ●

## പുസ്തക പരിചയം


# കള്ളൻ പവിത്രൻ

(ഗ്രാഫിക്ക് നോവൽ)
അമൽ പിരപ്പൻകോട്

**കഥയുടെ** ഗന്ധർവനായി മലയാളികൾ നെഞ്ചേറ്റുന്ന പി പത്മരാജൻ എന്ന അനശ്വരനായ എഴുത്തുകാരനും സംവിധായകനും ഓണാട്ടുകരയുടെ ചെല്ലും ചേലും വരമൊഴികളും അല്പം ഭ്രമാത്മകതയും ചാലിച്ച് 1979 ൽ സൃഷ്ടിച്ചതാണ് കള്ളൻ പവിത്രൻ എന്ന ചെറുനോവൽ. 1981 ൽ അതേ പേരിൽ അദ്ദേഹം അത് ചലച്ചിത്രമാക്കി. പഞ്ചതന്ത്ര കഥയുടെ സുഭഗതയും മലയാണ്മയുടെ ലാളിത്യവുമായി അവതരിച്ച കള്ളൻ പവിത്രൻ മലയാളികളുടെ ആസ്വാദനശേഷിക്കും കാഴ്ചാ ശീലത്തിനും തീർത്തും വ്യത്യസ്തമായ ഒരു അനുഭവമായി മാറി. ഇന്നും നിത്യഹരിതമായ ഒരു മലയാളം ക്ലാസിക് ആയി നിലനിൽക്കുന്നു; കള്ളൻ പവിത്രൻ.

ആ അനശ്വരമായ കൃതി ഗ്രാഫിക് നോവൽ രൂപത്തിലേക്ക് മാറ്റുക എന്ന ശ്രമകരമായ വെല്ലുവിളി വളരെ വർഷങ്ങൾക്കുശേഷം തീർത്തും മറ്റൊരു തലമുറയിൽ പെട്ട യുവ എഴുത്തുകാരനും കാർട്ടൂണിസ്റ്റും ചിത്രകാരനുമായ അമൽ ഏറ്റെടുത്തതിന്റെ പരിണിതഫലമാണ് 40

പേജുകൾ മാത്രമുള്ള കള്ളൻ പവിത്രൻ എന്ന ഗ്രാഫിക് നോവൽ. പാശ്ചാത്യ രാജ്യങ്ങളിൽ എല്ലാം വളരെ ശ്രദ്ധേയമായ നോവലുകളും സിനിമകളും ഗ്രാഫിക് നോവൽ രൂപത്തിൽ പ്രസിദ്ധീകരിക്കുന്ന രീതി വളരെ വ്യാപകമായി ഉണ്ട്. മലയാളത്തിൽ ഈ അടുത്തകാലത്ത് അങ്ങനെ ചില ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും എന്തുകൊണ്ടോ മലയാളികളുടെ ആസ്വാദന തലം അവയെ വേണ്ടത്ര കണ്ട് സ്വീകരിക്കാനോ പ്രോത്സാഹിപ്പിക്കാനോ തയ്യാറല്ല. അവിടേക്കാണ് കള്ളൻ പവിത്രൻ ശക്തമായ ചുവടുകളോടെ കടന്നുവന്നത്. ഡിസി ബുക്സ് ആണ് കള്ളൻ പവിത്രൻ ഗ്രാഫിക് നോവൽ പുറത്തിറക്കിയത്. ഉണ്ണി ആർ എന്ന പ്രശസ്തനായ എഴുത്തുകാരന്റെ എഡിറ്റിങ്ങിനു കീഴിൽ മലയാളത്തിലെ എക്കാലത്തെയും പ്രശസ്തമായ 50 ഓളം സാഹിത്യകൃതികൾ മലയാളത്തിലെ പ്രശസ്തരായ ചിത്രകാരന്മാരെയും ഗ്രാഫിക് രചയിതാക്കളെയും കൊണ്ട് ഗ്രാഫിക് നോവൽ രൂപത്തിലേക്ക് പുനഃസൃഷ്ടിക്കുക എന്ന അധികമാർക്കും അറിയാത്ത ഒരു പ്രോജക്ടിന്റെ ഭാഗമായിട്ടാണ് കള്ളൻ പവിത്രൻ സംഭവിച്ചത്. സാധാരണ വായനക്കാരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 40 പേജിൽ ആ കൃതിയുടെ സത്തയും ആത്മാവും കഥ കഥാപാത്രവൈപുല്യവും കാച്ചി കുറുക്കി എടുക്കുക എന്ന ആ വലിയ വെല്ലുവിളി പ്രോജക്ട് ഏറ്റെടുത്ത 98 ശതമാനം ചിത്രകാരന്മാരും ഉപേക്ഷിക്കുകയാണ് സത്യത്തിൽ ഉണ്ടായത്. അമൽ, കെ പി മുരളീധരൻ എന്നിവർ മാത്രമാണ് ഈ പദ്ധതി ഉൾക്കൊള്ളുകയും പൂർത്തിയാക്കുകയും പുസ്തകമാക്കുകയും ചെയ്തത്. പ്രേമലേഖനവും തകരയുമാണ് കെ പി മുരളീധരൻ ചെയ്തത്. തന്റെ സവിശേഷമായ രേഖ ചിത്രരീതി പൂർണമായും ഉപയോഗിച്ചുകൊണ്ട് കെ പി മുരളിധരൻ നൂറുപുറങ്ങൾക്ക് മുകളിലായാണ് ഗ്രാഫിക് നോവലുകൾ പൂർത്തിയാക്കിയത്. എന്നാൽ അമൽ 40 പേജുകളിൽ ഫ്രെയിമുകൾ പരമാവധി ഉൾപ്പെടുത്തി ഒരു കോമിക്സിന്റെയോ ചിത്രകഥയുടെയോ രീതി പിന്തുടർന്നാണ് കള്ളൻ പവിത്രൻ സംവിധാനം ചെയ്തിരിക്കുന്നത്. അതിന്റെ കുറവുകളും എന്നാൽ രസകരമായ പ്രത്യേകതകളും ഈ ഗ്രാഫിക് നോവലിലുണ്ട്.




പവിത്രൻ എന്ന കള്ളനും ഭാര്യ ജാനകിയും രണ്ടാം ഭാര്യ ദമയന്തിയും അരിമില്ല് നടത്തുന്ന മാമച്ചനും ദമയന്തിയുടെ അനിയത്തി ഭാമയും പാത്രക്കച്ചവടക്കാരനും മലയാളികളുടെ മനസ്സിൽ നെടുമുടി വേണുവും, ഭരത് ഗോപിയും, അടൂർ ഭാസിയും ദേവിയും ബീനയും സുഭാഷിണിയും കല്ലുപോലെ കൊത്തിവച്ച രൂപങ്ങളാണ്. അതിനെ മറികടന്നുകൊണ്ട് കഥാപാത്രങ്ങൾക്ക് മറ്റൊരു രൂപം നൽകുക എന്നത് തന്നെ ആദ്യ വെല്ലുകളിൽ ഒന്നാണ്. അമൽ തന്റേതായ ഒരു ശൈലിയിൽ ഏറെക്കുറെ ആ വെല്ലുവിളി മറികടന്നതായി കാണാം. ചിത്രരചനയിൽ ഉള്ള തന്റെ പാടവം അതിന് രചയിതാവിനെ വലിയൊരു അളവിൽ സഹായിച്ചിട്ടുണ്ട്. വളരെ ലളിതമായ വരകളിൽ കഥാപാത്രങ്ങളെ പുനരവതരിപ്പിച്ച് കഥയുടെ ചാരുതയ്ക്ക് യാതൊരു വിധഭംഗവും വരാത്ത രീതിയിൽ സംഭാഷണങ്ങളെ ഉൾപ്പെടുത്തി അമൽ മോശമല്ലാത്ത ഒരു ഗ്രാഫിക് നോവൽ അനുഭവം തരുന്നുണ്ട്. പത്മരാജന്റെ മഹത്വത്തിന്റെ യാതൊരു ഭാരങ്ങളും തന്നെ ഭയപ്പെടുത്തിയിട്ടില്ല എന്ന് തീർത്തും സ്വതന്ത്രമായ രീതിയിൽ ചെയ്തിരിക്കുന്നതിൽ നിന്ന് മനസ്സിലാക്കാം. തീർച്ചയായും മൂലകൃതി വായിക്കാത്ത ഒരാൾക്ക് പോലും മറ്റൊരു സ്വതന്ത്രമായ കൃതിയായി തന്നെ സമീപിക്കാവുന്ന, ആസ്വദിക്കാവുന്ന ഒരു ഗ്രാഫിക് സംരംഭമാണ് കള്ളൻ പവിത്രൻ.

ഇന്നും ശക്തമായി തന്നെ നിലകൊള്ളുന്ന കാർട്ടൂൺ രംഗത്ത് പ്രവർത്തിക്കുന്നവർക്കും വര പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കും ഈ പുസ്തകം ഒരു പ്രാഥമിക പാഠം നൽകും എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ●